(ബി) വിശദമായ പട്ടിക * ഉള്ളടക്കം ചെയ്തിരിക്കുന്നു.

(സി) കടിശ്ശിക പിരിച്ചെടുക്കുന്നതിന് വൈദ്യുതിബന്ധം വിച്ഛേദിക്കൽ, തവണ വ്യവസ്ഥ നടപ്പാക്കൽ, ഒറ്റത്തവണ തീർപ്പാക്കൽ, റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തൽ, കോടതികളിൽ കെട്ടിക്കിടക്കുന്ന കേസ്സുകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചു നടപ്പാക്കിവരുന്നു.

വൈദ്യുതി ചാർജ്ജ് വർദ്ധനയും കടിശ്ശിക നൽകാനുള്ള സ്ഥാപനങ്ങളും

36 (376) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 16-8-2014 മുതൽ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വർദ്ധിപ്പിച്ച നിരക്കിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കാനുണ്ടായ സാഹചര്യം വിശദമാക്കുമോ ;

(സി) വൈദ്യുതി ചാർജ്ജ് കുടിശ്ശിക നൽകാനുള്ള സർക്കാർ-അർദ്ധസർക്കാർ സ്ഥാപനങ്ങളുടെയും ഉന്നത സ്വകാര്യ സ്ഥാപനങ്ങളുടെയും വിശദാംശം വ്യക്തമാക്കുമോ ;

(ഡി) വൈദ്യുതി ചാർജ്ജ് കുടിശ്ശികയുള്ള സ്ഥാപനങ്ങളിൽനിന്നും കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഇ) കുടിശ്ശികയായിട്ടുള്ള സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. വിശദാംശങ്ങൾ അനുബന്ധം 1*-ൽ ചേർത്തിരിക്കുന്നു.

(ബി) വൈദ്യുതിവാങ്ങൽ ചെലവിലുണ്ടായ ക്രമാതീതമായ വർദ്ധനവും

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പണപ്പെരുപ്പവും ഇലക്ട്രിസിറ്റി സംബന്ധമായ സാധനസാമഗ്രികളുടെ വിലയിലുണ്ടായ വർവർദ്ധനവും കൂടാതെ മുൻകാലങ്ങളിൽ വൈദ്യുതിയുടെ ചെലവിനനുസൃതമായി താരിഫ് വർദ്ധിപ്പിക്കാത്തതും നിരക്ക് വർദ്ധനവിന് കാരണമാണ്.

(സി) 30-9-2014-ലെ കുടിശ്ശികയുടെ കണക്കുപ്രകാരം സർക്കാർ-അർദ്ധ സർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും 957.41 കോടി രൂപ കുടിശ്ശിക യിനത്തിൽ പിരിഞ്ഞുകിട്ടാനുണ്ട്. സ്വകാര്യമേഖലയിൽനിന്നും 612.69 കോടി രൂപ കുടിശ്ശികയിനത്തിൽ പിരിഞ്ഞുകിട്ടാനുണ്ട്.(അനുബന്ധം-2*).

(ഡി) കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി ഒറ്റത്തവണ തീർപ്പാക്കൽ, റവന്യു റിക്കവറി നടപടികൾ ത്വരിതപ്പെടുത്തൽ, വൈദ്യുതി ബന്ധം വിച്ഛേദിക്കൽ, കോടതികളിലെ കേസ്സുകൾ തീർപ്പാക്കൽ തുടങ്ങിയ നടപടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(ഇ) 30-9-2014-ലെ ത്രൈമാസ കണക്കുപ്രകാരം വൻകിട ഉപഭോക്താക്കളിൽ കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങളുടെ ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു. ചെറുകിട വിഭാഗത്തിൽ ഉൾപ്പെടുന്ന ഒരു കോടിയോളംവരുന്ന ഉപഭോക്താക്കളിൽ കുടിശ്ശിക വരുത്തിയവരുടെ വിശദ വിവരം ശേഖരിച്ചുവരുന്നു.

വൈദ്യുതി രംഗത്ത് സ്വയംപര്യാപ്തത

37 (377) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തവണ വൈദ്യുതി ചാർജ്ജ് വർദ്ധന നടപ്പിലാക്കിയിട്ടുണ്ട് ; ഓരോവിഭാഗത്തിലും വരുത്തിയ വർദ്ധനവ് എത്രയെന്ന് ഇനംതിരിച്ച് വിശദമാക്കാമോ ;

(ബി) സംസ്ഥാനത്തെ പ്രതിദിന വൈദ്യുതി ഉപഭോഗം സംബന്ധിച്ച കണക്ക് ലഭ്യമാക്കാമോ സംസ്ഥാനത്ത് പ്രതിദിനം എത്ര വൈദ്യുതി ഉല്പാദിപ്പിക്കുന്നു ; കേന്ദ്രപൂളിൽനിന്നും എത്ര വൈദ്യുതി ലഭിക്കുന്നു ; സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ളത് എത്ര വീതമാണ് ; അധികമായി വൈദ്യുതി എടുക്കുമ്പോൾ എത്ര

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly